(ഇ) കോടതി ഇടക്കാല ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൽ പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇലക്ടറൽ ഓഫീസർ അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സഹകരണ നിയമപ്രകാരം ജില്ലാ ബാങ്കിൽ വോട്ടവകാശമുള്ള അംഗത്വം നൽകാൻ ഇലക്ടറൽ ഓഫീസർക്ക് അധികാരമില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട് അല്ലെങ്കിലും ഹൈക്കോടതിയിൽ ചില കേസുകൾ നിലവിലുണ്ട്.

(ഇ) ഉണ്ട്.

പാലക്കാട് സഹകരണ ആർട്സ് ആന്റ് സയൻസ് കോളേജ് സഹകരണ സംഘത്തിനെ സംബന്ധിച്ച കേസിൽ "സ്റ്റാറ്റസ്കോ" നിലനിർത്താൻ ഉത്തരവായിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ എണ്ണം

105 (1304) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മാസത്തിനുശേഷം തിരുവനന്തപുരം ജില്ലയിൽ നിന്നും സഹകരണ നിയമപ്രകാരം സംഘം രജിസ്ട്രേഷനു വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ അപേക്ഷകളിന്മേൽ എത്ര എണ്ണം അനുവദിക്കപ്പെട്ടു, എത്ര എണ്ണം തള്ളപ്പെട്ടു എന്ന് അറിയിക്കാമോ ;

(സി) 2001 മേയ് മാസത്തിനുശേഷം സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ ;

(ഡി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2001 മേയ് മാസത്തിനുശേഷം തിരുവനന്തപുരം ജില്ലയിൽ സഹകരണസംഘങ്ങളുടെ രജിസ്ട്രേഷനുവേണ്ടി 76 (എഴുപത്തിയാറ്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 76 അപേക്ഷകൾ ലഭിച്ചതിൽ 43 എണ്ണം അനുവദിച്ചു. 13 എണ്ണം മടക്കി നല്കി. 15 എണ്ണം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2001 മേയ് മാസത്തിനുശേഷം 580 സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി)

	ജില്ല	എണ്ണം
1.	തിരുവനന്തപുരം	43
2.	കൊല്ലം	50
3.	പത്തനംതിട്ട	16
4.	ആലപ്പുഴ	15
5.	കോട്ടയം	40
6.	ഇടുക്കി	26
7.	എറണാകുളം	70
8.	തൃശ്ശൂർ	63
9.	പാലക്കാട്	18
10.	മലപ്പുറം	63
11.	കോഴിക്കോട്	59
12.	കണ്ണൂർ	80
13.	വയനാട്	8
14.	കാസർഗോഡ്	29
	ആകെ	580

നെടുമങ്ങാട് അർബൻ സഹകരണ ബാങ്കിൽ ജീവനക്കാരെ നിയമിച്ചത് സംബന്ധിച്ച പരാതികൾ

106 (1305) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് അർബൻ സഹകരണ ബാങ്കിൽ ജീവനക്കാരെ നിയമിച്ചത് സംബന്ധിച്ച് എന്തെങ്കിലും പരാതി നിലവിലുണ്ടോ ;

(ബി) പ്രസ്തുത പരാതിയിന്മേൽ ഏതെങ്കിലും വിധത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ ;

(സി) എങ്കിൽ അന്വേഷണം ഏതുവരെയായി എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly